# തിരുവിതാംകൂർ ദേവസ്വം ബോർഡ്

Roc 28/26/എസ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 16/10/2026

## സർക്കുലർ

വിഷയം: ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെയും മാളികപ്പുറം ക്ഷേത്രത്തിലെയും മേൽശാന്തിമാരെ സഹായിക്കുന്ന ദേവസ്വം ബോർഡ് ശാന്തിക്കാർക്കായുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : 12/10/2025 ലെ ആർ ഒ സി 10/26/ശബ നമ്പർ ബോർഡുത്തരവ്.

കൊല്ലവർഷം 1202 -ലെ ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെയും മാളികപ്പുറം ക്ഷേത്രത്തിലെയും മേൽശാന്തിമാരുടെ സഹായികളിൽ 50% എണ്ണം തിരുവിതാംകൂർ ദേവസ്വം ബോർഡ് തയ്യാറാക്കുന്ന പാനലിൽ നിന്നും നിയമിക്കുന്നതിനും മേൽശാന്തിമാരെ സഹായിക്കുന്ന ദേവസ്വം ബോർഡ് ശാന്തിക്കാർക്കായുള്ള യോഗ്യത മാനദണ്ഡം അംഗീകരിച്ചും ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ ദേവസ്വം ബോർഡ് ശാന്തിക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തിക്കാർക്ക് ഇതോടൊപ്പം ചേർത്തിട്ടുള്ള മാനദണ്ഡങ്ങളിലെ വ്യവസ്ഥ അനുസരിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. അപേക്ഷകൻ Police Clearance Certificate അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. അപേക്ഷകൾ അതത് അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർ ഓഫീസിൽ ഹാജരാക്കേണ്ടതും ആയത് അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 26/10/2026-ന് 5:00 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും ആണ്.

4. അപേക്ഷകർ ആരോപണ വിധേയരല്ലായെന്നും, അച്ചടക്ക നടപടികളിലോ, ക്രിമിനൽ നടപടികളിലോ ഉൾപ്പെട്ടിട്ടില്ലായെന്നും, സ്വഭാവദൂഷ്യം ഇല്ലായെന്നും അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

ദേവസ്വം കമ്മീഷണർ

പകർപ്പ്:

1. എല്ലാ ഓഫീസ്/ ഡിപാർട്ട്മെൻറ് മേധാവികൾക്കും
2. ഐ. ടി സെക്ഷൻ, കമ്മീഷണർ ഓഫീസ്
3. സെക്ഷൻ ഫയൽ

Roc 28/26/എസ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 23/09/2026

**ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെയും മാളികപ്പുറം ക്ഷേത്രത്തിലെയും മേൽശാന്തിമാരെ സഹായിക്കുന്ന ദേവസ്വം ബോർഡ് ശാന്തിക്കാർക്കായുള്ള യോഗ്യത മാനദണ്ഡം.**

1. അപേക്ഷകൻ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ സേവനത്തിലുള്ള ശാന്തി/കീഴ് ശാന്തി ആയിരിക്കണം.
2. കുറഞ്ഞത് 3 വർഷത്തെ ശാന്തി സേവന പരിചയം അല്ലെങ്കിൽ ബോർഡ് നിർദേശിക്കുന്ന പ്രധാന ക്ഷേത്രങ്ങളിൽ നിശ്ചിത കാലയളവിലെ പരിചയം ഉണ്ടായിരിക്കണം.
3. സർവീസ് സീനിയോറിറ്റിയ്ക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. എന്നാൽ മണ്ഡല-മകരവിളക്ക് കാലത്ത് കഠിനമായ സേവന ചുമതല നിർവഹിക്കുവാൻ ശാരീരികമായി പ്രാപ്തനായിരിക്കണം.
4. അപേക്ഷകന് ബന്ധപ്പെട്ട ക്ഷേത്രങ്ങളിലെ പൂജാക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും പരിപാലിക്കുന്നതിനുള്ള മതിയായ പരിചയം ഉണ്ടായിരിക്കണം. ശ്രീകോവിൽ ആചാരങ്ങൾ, നിത്യപൂജകൾ, നിവേദ്യം, ദീപാരാധന തുടങ്ങിയ ചുമതലകളിൽ പ്രായോഗിക പരിചയം ഉണ്ടായിരിക്കണം.
5. മേൽശാന്തിയുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കാനും സംഘമായി സേവനം ചെയ്യാനും കഴിവുണ്ടായിരിക്കണം.
6. ശബരിമല/മാളികപ്പുറം ക്ഷേത്രങ്ങളിലെ ആചാരക്രമങ്ങളെക്കുറിച്ച് ആവശ്യമായ orientation/ training പൂർത്തിയായിരിക്കണം.
7. അപേക്ഷകൻ അംഗവൈകല്യം ഉള്ളയാളോ, ഗുരുതരമായ അസുഖത്തിന് ചികിത്സയിലുള്ളവരോ ആകുവാൻ പാടുള്ളതല്ല.
8. അപേക്ഷകന്റെ പേരിൽ നിലവിൽ അച്ചടക്ക നടപടികൾ, ഗാർഹിക അന്വേഷണങ്ങൾ, ക്രിമിനൽ കേസുകൾ എന്നിവ ഉണ്ടാകുവാനോ ശിക്ഷാനടപടികൾ നേരിടുകയോ ചെയ്യുവാൻ പാടുള്ളതല്ല.
9. മേൽശാന്തിമാരുടെ സഹായിയായി തെരഞ്ഞെടുക്കപ്പെടുന്നവർ മേൽശാന്തിമാരോടും ഭക്തജനങ്ങളോടും മാന്യമായി പെരുമാറാൻ പ്രാപ്തനായിരിക്കണം.

DEVASWOM COMMISSIONER

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം- 695003

ROC NO: 28/26/S

## ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ സഹായികളുടെ നിയമനം.

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേരും, പൂർണ്ണമായ മേൽവിലാസവും, ഫോൺ നമ്പരും | |
| 2. | ജനനതീയതി, വയസ്സ് | |
| 3. | ഇപ്പോൾ ജോലി നോക്കി വരുന്ന ദേവസ്വവും, ഗ്രൂപ്പും (ഏത് തീയതി മുതൽ എന്ന് വ്യക്തമാക്കുക) | |
| 4. | സർവ്വീസിൽ പ്രവേശിച്ച തീയതി | |
| 5. | ഫുൾടൈം സർവ്വീസിൽ പ്രവേശിച്ച തീയതി | |
| 6. | ആകെ ഫുൾടൈം സർവ്വീസ് (വിശദവിവരം പ്രത്യേകം ഷീറ്റിൽ ഉൾപ്പെടുത്തണം) | |
| 7. | സേവനകാലത്ത് എപ്പോഴെങ്കിലും ശിക്ഷണ നടപടിയ്ക്ക് വിധേയനായിട്ടുണ്ടോ? (ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ പ്രത്യേകം ഷീറ്റിൽ ഉൾപ്പെടുത്തണം) | |

### അപേക്ഷകന്റെ പ്രതിജ്ഞ

ഞാൻ(പേര്).......................................(ദേവസ്വം)...................................... നിയമനത്തിനായി മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ സത്യമാണ് എന്നും, തെരഞ്ഞെടുക്കുകയാണെങ്കിൽ ക്ഷേത്രമര്യാദകളും, ആചാരങ്ങളും പൂർണ്ണമായും പാലിക്കുന്നതാണ് എന്നും, ബഹുമാനപ്പെട്ട ക്ഷേത്രം തന്ത്രിയും. മേൽശാന്തിയും നൽകുന്ന ഉപദേശങ്ങൾ സ്വീകരിച്ച് വീഴ്ചകൂടാതെ പ്രസ്തുത ക്ഷേത്രത്തിലെ സേവനകാലം മുഴുവൻ പാലിച്ചു കൊള്ളാമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

തീയതി: ഒപ്പ്:

പേര്:

സർവ്വീസ് ബുക്കും, റിക്കാർഡുകളും പരിശോധിച്ചതിൽ മേൽ സംഗതികൾ ബോദ്ധ്യപ്പെട്ട് ശരിയെന്ന് സാക്ഷ്യപ്പെടുത്തുന്നു. (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്).

സ്ഥലം: ഒപ്പ്:

തീയതി: അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

ഗ്രൂപ്പ്

(സീൽ)